(2) റിസപ്ഷനിസ്റ്റ് - ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, എൻ.സി.വി.റ്റി. എന്നീ സ്ഥാപനങ്ങളിൽനിന്നും ഹോട്ടൽ റിസപ്ഷനിലും, ബുക്ക് കീപ്പിംഗിലു മുള്ള സർട്ടിഫിക്കറ്റ് അല്ലെങ്കിൽ

1. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആന്റ് ടൂറിസം സ്റ്റഡീസ് (KITTS) നടത്തുന്ന ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് കോഴ്സിൽ ലഭിച്ച സർട്ടിഫിക്കറ്റ്

2. മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകൾ കൈകാര്യം ചെയ്യാനുള്ള കഴിവ്.

3. വിദേശഭാഷ അറിഞ്ഞിരിക്കണം.

(3) വെയിറ്റർ

1. എഫ്.സി.ഐ.യിൽ നിന്നോ, എൻ.സി.വി.റ്റി.യിൽ നിന്നോ റസ്റ്റോറന്റ് ആന്റ് കൗണ്ടർ സർവ്വീസിൽ കിട്ടിയ സർട്ടിഫിക്കറ്റ്.

2. മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകൾ കൈകാര്യം ചെയ്യാനുള്ള കഴിവ്.

(4) ഹൗസ് കീപ്പർ

1. എഫ്.സി.ഐ.യിൽനിന്നോ എൻ.സി.വി.റ്റിയിൽ നിന്നോ ഹൗസ് കീപ്പിംഗ് കോഴ്സിൽ ലഭിച്ച സർട്ടിഫിക്കറ്റ്.

അല്ലെങ്കിൽ

ഹോംസയൻസിൽ ബിരുദം.

(സി)&(ഡി) കെ.ടി.ഡി.സി.യുടെ കീഴിലുള്ള ത്രീസ്റ്റാർ ഹോട്ടലുക ളിലും അതിന് മുകളിലുള്ള ഹോട്ടലുകളിലും കോർപ്പറേഷൻ ഡയറക്ടർ ബോർഡിന്റെ തീരുമാനപ്രകാരം തൊഴിൽ വൈദഗ്ദ്ധ്യം വേണ്ടാത്ത മേഖലക ളായ സ്വീപ്പർ, സ്കാവഞ്ചർ, ക്ലീനർ തുടങ്ങിയ തസ്തികകളിലേക്ക് ആവശ്യ മുള്ള തൊഴിലാളികളെ കരാർ അടിസ്ഥാനത്തിൽ നൽകുകയുണ്ടായി. പത്ര ത്തിൽ പരസ്യം ചെയ്ത് കൊട്ടേഷനുകൾ വരുത്തി പരിശോധിച്ചശേഷം ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ഏജൻസിക്കാണ് കരാർ നൽകിയത്.

(ഇ) ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്ന് കോഴ്സ് പാസായ വർക്ക് കെ.ടി.ഡി.സി. ഹോട്ടലുകളിൽ പരിശീലനത്തിന് അവസരം നൽകാ റുണ്ട്. ഈ അവസരം ലഭിക്കുന്നവർക്ക് കെ.ടി.ഡി.സി.യിൽ സ്ഥിരലാവണ ത്തിൽ ജോലി നൽകാൻ നിലവിലുള്ള നിയമപ്രകാരം വ്യവസ്ഥയില്ല.

(എഫ്)&(ജി) കെ.ടി.ഡി.സി.യുടെ ബാനറിൽ, വാടക കെട്ടിടങ്ങളിൽ ലാഭകരമല്ലാത്തവിധം നടത്തിക്കൊണ്ടിരിക്കുന്ന ചില യൂണിറ്റുകൾ നിർത്തലാ ക്കുവാൻ ആലോചനയുണ്ട്. യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തിയശേ ഷമേ ഈ തീരുമാനം നടപ്പിലാക്കുകയുള്ളൂ.

(എച്ച്) കുമരകം ടൂറിസ്റ്റ് വില്ലേജിന്റെ പ്രവർത്തനം 2001 ആദ്യം ആരം ഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

159 (7474) കോഴിക്കോട് ഗവൺമെന്റ് ഗസ്റ്റ്ഹൗസിന്റെ വികസന ത്തിന് പദ്ധതികൾ

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസ ഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കോഴിക്കോട് ഗവൺമെന്റ് ഗസ്റ്റ്ഹൗസിന്റെ വികസനത്തിന് എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) കോഴിക്കോട് ഗസ്റ്റ്ഹൗസ് പരിസരത്ത് ഒരു യാത്രിനിവാസ് പണിയുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അതിനാൽ ഗസ്റ്റ്ഹൗസ് വലുതാക്കി പണിയുവാൻ തൽക്കാലം പരിപാടിയില്ല.

160 (2475) **കേരളാ ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള യൂണിറ്റുകൾ**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള സംസ്ഥാനത്തെ ഏതെങ്കിലും യൂണിറ്റുകൾ അടച്ചുപൂട്ടുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ യൂണിറ്റുകളിൽ അടൂർ ഉൾപ്പെടെ ഏതാനും യൂണിറ്റുകൾ കെ.റ്റി.ഡി.സി നിർദ്ദേശിക്കുന്ന 4 ലക്ഷം രൂപയിൽ കൂടുതൽ ലാഭമുള്ള യൂണിറ്റുകളാണോ; എങ്കിൽ ഇപ്രകാരമുള്ള യൂണിറ്റുകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(സി) യൂണിറ്റ് അടച്ചുപൂട്ടുന്നതുമൂലം സംസ്ഥാനത്ത് 500-ൽപ്പരം ജീവനക്കാരുടെ തൊഴിൽ നഷ്ടപ്പെടുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആയതിനാൽ ഈ യൂണിറ്റുകൾ അടച്ചു പൂട്ടാതിരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)(ബി) കെ.ടി.ഡി.സിയുടെ ബാനറിൽ വാടക കെട്ടിടങ്ങളിൽ, ലാഭകരമല്ലാത്തവിധം നടത്തിക്കൊണ്ടിരിക്കുന്ന ചില യൂണിറ്റുകൾ നിർത്തലാക്കുവാൻ ആലോചനയുണ്ട്. യൂണിറ്റുകളുടെ പ്രവർത്തം വിലയിരുത്തിയശേഷമേ ഈ തീരുമാനം നടപ്പിലാക്കുകയുള്ളൂ.

(സി)&(ഡി) ഇതുമൂലം ആർക്കുംതന്നെ തൊഴിൽ നഷ്ടപ്പെടുകയില്ല.

161 (2476) **വഴിയോരവിശ്രമ കേന്ദ്രത്തിന്റെ പണി തുടങ്ങുന്നതിനുള്ള നടപടി**

ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly